(എഫ്) 1999 മേയ് 15-ലെ വർദ്ധനവ് വരുത്തിയില്ലായിരുന്നുവെങ്കിൽ ബോർഡിന് പ്രതിദിനം നേരിടേണ്ട നഷ്ടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ജി) വൈദ്യുതി നിരക്കിൽ അവസാനം വരുത്തിയ വർദ്ധനവിനു ശേഷം ബോർഡ് നഷ്ടം നേരിടുന്നുണ്ടോ; എങ്കിൽ എത്രയാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) രണ്ടു തവണ 1-2-97-ലും, 15-5-99 ലും

(ബി) 224 കോടി രൂപ

(സി) 82 കോടി രൂപ

(ഡി) 1997 ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ ഗാർഹികം, കാർഷികം, ചെഷയർഹോം, അന്ധ-ബധിരർ താമസിക്കുന്നവരുടെ ഹോസ്റ്റൽ മുതലായവർ ഒഴികെയുള്ള വിഭാഗക്കാർക്ക് എല്ലാ വർഷം ഫെബ്രുവരി മാസം മുതലും 10% വർദ്ധനവ് വരുമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇതിന്റെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം 90 കോടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 492 കോടി രൂപ

(എഫ്) പ്രതിദിനം 1.7 കോടി രൂപ

(ജി) ഉണ്ട്. പ്രതിവർഷം 120 കോടി രൂപ

127 (271) **വൈദ്യുതി ചാർജ്ജ് വർദ്ധന യുക്തിസഹമാക്കാൻ പദ്ധതി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവിന് ഉപോൽബലകമായ ഘടകങ്ങൾ എന്തൊക്കെയാണ്;

(ബി) ഇടത്തരം വരുമാനക്കാരുടെ ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി ഉപഭോഗത്തിന് ചാർജ്ജ് കുറച്ചും ഉയർന്ന വരുമാനശ്രേണിയിലുള്ളവരുടെ ഉയർന്ന വൈദ്യുതി ഉപയോഗത്തിന് കൂടിയ ചാർജ്ജ് ഈടാക്കിയും ചാർജ്ജ് വർദ്ധന യുക്തിസഹമാക്കാനുള്ള പദ്ധതിയാവിഷ്കരിക്കുമോ?

ഉത്തരം

(എ) കായംകുളം താപനിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലക്കൂടുതൽ, കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വിലക്കൂടുതൽ, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന വായ്പയുടെ പലിശയുടെ വർദ്ധനവ്, സംസ്ഥാനത്ത് മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതൽ, ബ്രഹ്മപുരം താപനിലയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഉയർന്ന ചെലവ് ഇവയാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ ഉപോൽബലകമായ ഘടകങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗാർഹിക വിഭാഗത്തിൽ കുറഞ്ഞ വരുമാനക്കാരുടെ വൈദ്യുതി ഉപയോഗം കുറഞ്ഞും, ഉയർന്ന വരുമാനക്കാരുടെ വൈദ്യുതി ഉപയോഗം കൂടിയും ഇരിക്കുമെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് കുറഞ്ഞ ഉപയോഗമുള്ളവർക്ക് കുറഞ്ഞനിരക്കും, കൂടിയ ഉപയോഗമുള്ളവർക്ക് കൂടിയ നിരക്കുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

128 (272) വൈദ്യുതി നിരക്ക് വർദ്ധനവ് സംബന്ധിച്ച നിവേദനം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹൈടെൻഷൻ ആന്റ് എക്സ്ട്രാ ഹൈ ടെൻഷൻ ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ ഇപ്പോഴത്തെ വൈദ്യുതി നിരക്ക് വർദ്ധനവ് വൻകിട വ്യവസായങ്ങളെ എങ്ങനെ ബാധിക്കുന്നു എന്ന് കാണിച്ച് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) നിവേദനത്തിൽപ്പറയുന്ന താരിഫ് റെഗുലേറ്ററി കമ്മിഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിരക്കു വർദ്ധന കാരണം കേരളത്തിലെ വൻകിട വ്യവസായങ്ങൾ അടച്ചുപൂട്ടുമെന്നും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്നും നിവേദനത്തിൽ പറയുന്നത് സർക്കാർ അംഗീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)(സി)&(ഡി) ഇക്കാര്യത്തിൽ സർക്കാർ പരിശോധിച്ചു വരുന്നു.

129 (273) സബ്സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയതായി പാലയ്ക്കൽ, ചിറയ്ക്കൽ എന്നിവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly